## പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 1900 06/02/2019-ൽ മറുപടിക്ക്

## ഭാരതപ്പുഴയുടെ മലിനീകരണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പി.കെ.ശശി | | പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | ഭാരതപ്പുഴയുടെ മലിനീകരണം തടയുന്നതിന് ഈ സർക്കാർ ഇതുവരെ നടപ്പാക്കിയിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണ്; വിശദമാക്കാമോ; | (എ) & (ബി) | ഭാരതപ്പുഴയിലെ മലിനീകരണം സംബന്ധിച്ച് ദേശീയ ഹരിത ട്രിബ്യൂണലിന്റെ OA No.16/2016 ലെ 23-05-2016 ലെ ഉത്തരവ് പ്രകാരം റിപ്പോർട്ട് സമർപ്പിക്കുന്നതിലേയ്ക്കായി അഞ്ചംഗ വിദഗ്ധ സമിതി രൂപീകരിച്ച് ഉത്തരവായി. ടി കമ്മിറ്റിയിൽ കേന്ദ്രമലിനീകരണ നിയന്ത്രണ ബോർഡ്, ഡയറക്ടറേറ്റ് ഓഫ് ഹെൽത്ത് സർവ്വീസസ്, പരിസ്ഥിതി ഡയറക്ടറേറ്റ്, കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആന്റ് ടെക്നോളജി, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് എന്നിവയുടെ പ്രതിനിധികൾ ഉൾപ്പെട്ടിട്ടുണ്ട്. ടി കമ്മിറ്റി ഭാരതപ്പുഴയുടെ മലിനീകരണ പ്രശ്നങ്ങൾ പഠിച്ച് മലിനീകരണം തടയുന്നതിനും നദിയുടെ പുനരുജ്ജീവനത്തിനും ഉതകുന്ന നടപടികൾ ശുപാർശ ചെയ്യണമെന്ന് ബഹു. ദേശീയ ഹരിത ട്രിബ്യൂണലിന്റെ ഉത്തരവിൽ പറഞ്ഞതിൻ പ്രകാരം ടി കമ്മിറ്റിയിലേക്ക് പ്രതിനിധികളെ ബന്ധപ്പെട്ട വകുപ്പുകൾ നിയോഗിക്കുകയും, കമ്മിറ്റി ഭാരതപ്പുഴയുടെ പ്രാന്തപ്രദേശങ്ങൾ പരിശോധിക്കുകയും റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. ഗാർഹിക മാലിന്യങ്ങളും ചെറുകിട ഹോട്ടലുകളിൽ നിന്നും വ്യാപാര സ്ഥാപനങ്ങളിൽ നിന്നുള്ള മലിനജലവും മറ്റും നദിയിലെത്തി ചേരുന്നത് മലിനീകരണത്തിന് പ്രധാന കാരണമായതിനാൽ ഭാരതപ്പുഴയുടെയും കൈവഴികളുടെയും തീരത്തുള്ള പാലക്കാട്, ഒറ്റപ്പാലം, ഷൊർണ്ണൂർ, പട്ടാമ്പി മുൻസിപ്പാലിറ്റികളുടെയും പുതുശ്ശേരി, തൃത്താല, കുറ്റിപ്പുറം പഞ്ചായത്തുകളുടേയും സെക്രട്ടറിമാർക്കും |
| (ബി) | ഭാരതപ്പുഴയുടെ മലിനീകരണം സംബന്ധിച്ച് പഠനങ്ങൾ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ? | | |

| | | | |
|---|---|---|---|
| | | | കൽപ്പാത്തി വില്ലേജിലേക്കും ഇത്തരം സ്ഥാപനങ്ങൾ മലിനജലം ശുദ്ധീകരിക്കാതെ കാനയിലേക്ക് നേരിട്ട് വിടുന്നത് തടയണമെന്ന് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ഷൊർണ്ണൂർ റയിൽവേ സ്റ്റേഷനിൽ നിന്നുള്ള മലിനജലം ഒഴുക്കുന്നത് തടയുവാനും മലിനജല ശുദ്ധീകരണ പ്ലാന്റ് സ്ഥാപിക്കുവാനും നിർദ്ദേശങ്ങൾ നൽകിയിരുന്നു. പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള രൂപരേഖ തയ്യാറാക്കി വരികയാണ്. കമ്മിറ്റി റിപ്പോർട്ടിനെ തുടർന്ന് തൃത്താല ഗ്രാമപഞ്ചായത്ത്, പട്ടാമ്പി നഗരസഭ, ഒറ്റപ്പാലം നഗരസഭ, കുറ്റിപ്പുറം ഗ്രാമപഞ്ചായത്ത്, ഷൊർണ്ണൂർ നഗരസഭ, ഉൾപ്പെടെയുള്ളവരുമായി കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ചേർന്ന യോഗതീരുമാനപ്രകാരം ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോട് മലിനജല ശുദ്ധീകരണ പ്ലാന്റുകൾ സ്ഥാപിക്കുവാനുള്ള നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തു.<br>പാലക്കാട്, പട്ടാമ്പി, ഒറ്റപ്പാലം, ഷൊർണ്ണൂർ മുനിസിപ്പാലിറ്റികൾക്ക് നഗരസഭ പരിധിയ്ക്കുള്ളിൽ വരുന്ന വീടുകൾ, ഹോട്ടലുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും ഉണ്ടാകുന്ന മലിനജലം നേരിട്ടോ, കാനവഴിയോ പുഴയിലേക്ക് ഒഴുക്കുന്നില്ല എന്നു ഉറപ്പു വരുത്തുവാനും, മലിനജലം ഉ ണ്ടാക്കുന്ന സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽ കുമ്പോൾ കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതിപത്രം കരസ്ഥമാക്കിയിട്ടുണ്ട് എന്നു ഉറപ്പു വരുത്തുവാനും വികേന്ദ്രീകൃത മാതൃകയിൽ മലിനജല സംസ്ക്കരണ രൂപരേഖ സമർപ്പിക്കുവാനും നിർദ്ദേശം നൽകി. 18.05.2018 ന് പട്ടാമ്പി നഗരസഭയുടെ സെക്രട്ടറി നിർദ്ദേശങ്ങൾ പാലിക്കുന്നു എന്ന് മറുപടി നൽ കിയിട്ടുണ്ട് ഇ തിനെ തുടർന്ന് പട്ടാമ്പി നഗരസഭയിൽ നിന്ന് നിലവിലുള്ളതും പുതിയതുമായ എല്ലാ ഹോട്ടലുക ളും കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിനു മുന്നിൽ അപേക്ഷ സമർപ്പിക്കുകയും കൺസന്റ് കരസ്ഥമാക്കുകയും ചെയ്തുവരുന്നു. |

| | | | |
|---|---|---|---|
| | | | എൻവയോൺമെന്റൽ സർവെയ്‌ലൻസിന്റെ ഭാഗമായി കഞ്ചിക്കോട് ഇൻഡസ്ട്രിയൽ ഏരിയയിലെ സ്ഥാപനങ്ങളിൽ കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് പരിശോധന നടത്താറുണ്ട് സ്ഥാപനങ്ങളിലെ domestic waste water ഉൾപ്പെടെയുള്ള മലിനജലം നിർമ്മാർജ്ജനം ചെയ്യുന്നത് പരിശോധന നടത്തി അപ്പപ്പോൾ നടപടികൾ സ്വീകരിച്ചു വരുന്നു.<br>കോളിഫോം ബാക്ടീരിയയുടെ സാന്നിദ്ധ്യം കണ്ടെത്തിയതിനെ തുടർന്ന് മലിനജലം സ്ഥാപനങ്ങളിൽ നിന്നും കാനയിലേക്കോ നേരിട്ട് പുഴയിലേക്കോ ഒഴുക്കുന്നില്ലായെന്ന് കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് പരിശോധനകളിൽ ഉറപ്പു വരുത്താറുണ്ട് ഭാരതപ്പുഴയിലേക്ക് നേരിട്ടോ അല്ലാതെയോ മലിനജലം ഒഴുക്കുന്ന സ്ഥാപനങ്ങൾക്കെതിരെ കർശനമായ നടപടികൾ സ്വീകരിച്ചുവരുന്നു.<br>കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ 2017-2018 വാർഷിക പദ്ധതിയിൽ Restoration of Polluted River Streches എന്ന പദ്ധതിയിൽ ഭാരതപ്പുഴയുടെ വാളയാർ, കോരയാർ ഭാഗം ഉൾപ്പെടുത്തിയിട്ടുണ്ട് മലിനീകരണം തടയുന്നതിനു ആവശ്യമായ കർമ്മ പദ്ധതികൾ നടത്തി വരുന്നു. |

**സെക്ഷൻ ഓഫീസർ**